(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്ഥലമെടുപ്പിനായി ഓരോ മേൽപ്പാലത്തിനും സംസ്ഥാന സർക്കാർ എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത മേൽപ്പാലങ്ങളുടെ പണി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കുമാരനെല്ലൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അടിയന്തരഖണ്ഡത്തിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. മൂലേടം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം RBDCK-യെ ഏല്പിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റ് തൃപ്തികരമല്ലാത്തതിനാൽ പുതിയ ഡിസൈൻ തയ്യാറാക്കി വരികയാണ്. ഈ മേൽപ്പാലത്തിനുള്ള സ്ഥലമേറ്റെടുക്കുന്നതിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി 10-2-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കാരിത്താസ് മേൽപ്പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 5-2-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം RBDCK-യെ ഏൽപ്പിക്കുന്നതാണ്.

(ഡി) മേൽപ്പാല നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കായംകുളം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ

268 (1996) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ ജോലി ഏതു ഘട്ടം വരെയായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പാതയിൽ ഏതെല്ലാം ഭാഗത്തിന്റെ സ്ഥലമെടുപ്പാണ് പൂർത്തിയാകാനുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണ് ;

(ഡി) പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ദ്രുതഗതിയിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം-മുളന്തുരുത്തി സെക്ഷൻ പൂർത്തീകരിച്ചു കഴിഞ്ഞു. കായംകുളം-മാവേലിക്കര സെക്ഷൻ കമ്മീഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാവേലിക്കര-ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കൽ നടപടി പുരോഗതിയിലാണ്.

(ബി) കോട്ടയം ജില്ലയിൽ മുളന്തുരുത്തി ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കലിന്റെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

(സി) റവന്യൂ അധികാരികളും റെയിൽവേ ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവമാണ് ഇതിനുകാരണം.

(ഡി) ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

269 (1997) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര റെയിൽവേ സ്റ്റേഷനുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോജക്ടുകൾ അംഗീകരിച്ച് ടെണ്ടർ ചെയ്തതായി റെയിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നടപടികൾ ആരംഭിച്ചതായി അറിവില്ല.

ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

270 (1998) ശ്രീ. എ. കെ. ചന്ദ്രൻ : നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത പാലംപണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly